പതിമൂന്നാം കേരള നിയമ സഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 632 — 8.3.2012 ൽ മറുപടിക്ക്

## മരുന്നുകളുടെ ഗുണനിലവാരവും വിലയിലെ ഏകീകരണവും ഉറപ്പുവരുത്തുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) ഒരേ മരുന്നിന് വിപണിയിൽ പല വില ഈടാക്കുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രാജ്യത്ത് ഔഷധങ്ങളുടെ വില നിശ്ചിക്കുന്നതും നിയന്ത്രിക്കുന്നതും കേന്ദ്രസർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി (NPPA) ആണ്. രാജ്യത്ത് 74 ഇനം മരുന്നുകളുടേയും അവയുടെ കോമ്പിനേഷനുകളുടേയും വിലകൾ മാത്രമേ നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി നിശ്ചയിച്ചിട്ടുള്ളൂ. വില നിയന്ത്രണത്തിൽ ഉൾപ്പെടാത്ത മരുന്നുകളാണ് പല വിലകളിൽ വിൽക്കപ്പെടുന്നത്. അസംസ്കൃത വസ്തുക്കളുടെ വില വ്യത്യാസം, നിർമ്മാണ പ്രക്രിയയിലെ വ്യത്യാസം, കമ്പനികൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ അടിസ്ഥാന സൗകര്യങ്ങളുടെ വ്യത്യാസം എന്നിവ വില വ്യത്യാസത്തിന് കാരണമാകാം. |
| ബി) ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ ചില അന്യസംസ്ഥാന മരുന്ന കമ്പനികൾ വിറ്റഴിക്കുന്നതായ വാർത്ത പരിശോധിച്ചിട്ടുണ്ടോ; | (ബി) പരിശോധിച്ചിട്ടുണ്ട്. |
| (സി) എങ്കിൽ മരുന്നുകളുടെ ഗുണനിലവാരവും വിലയിലെ ഏകീകരണവും ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ;<br><br>(ഡി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (സി) &(ഡി) രാജ്യത്ത് ഔഷധങ്ങളുടെവില നിശ്ചിക്കുന്നതും നിയന്ത്രിക്കുന്നതും ഏകീകരിക്കുന്നതും കേന്ദ്രസർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി (NPPA) ആണ്. ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ മരുന്നുകളുടെ റാൻഡം സാമ്പിളുകൾ ശേഖരിച്ച് ഡ്രഗ് ടെസ്റ്റിംഗ് ലാബിൽ പരിശോധിച്ച് നിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ നിർമ്മാതാക്കൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ